**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3702** **05-08-2021 - ൽ മറുപടിയ്ക്ക്**

**വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | 2016-17 ബജറ്റ് പ്രകാരം കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വർക്കല സബ് രജിസ്ട്രാർ ഓഫീസിന് 17558000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . സോണൽ എക്സ്റ്റംഷനുവേണ്ടിയുള്ള നടപടിയും, പരിഷ്കരിച്ച സൈറ്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് കെട്ടിട നിർമ്മാണം സംബന്ധിച്ച് കെട്ടിടത്തിന്റെ ബിൽഡിംഗ് പെർമിറ്റ്, അപ്രൂവ്ഡ് പ്ലാൻ എന്നിവ കിഫ്ബിയിലേക്ക് സമർപ്പിക്കുകയും, പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ചു മാറ്റുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ; | (ബി) | കോവിഡ് മഹാമാരിയോടനുബന്ധിച്ച് ചില നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ ടെണ്ടർ കമ്മിറ്റി 2021 ജൂൺ അവസാനവാരമാണ് കൂടിയത്. പ്രസ്തുത ദർഘാസിൽ പങ്കെടുത്ത ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ ഈ പ്രവൃത്തിയുടെ ഫേം പിരീഡ് നീട്ടി നൽകുന്നതിനും പ്രവൃത്തി ഏറ്റെടുക്കുന്നതിനും വിസമ്മതം പ്രകടിപ്പിച്ചതിനാൽ പ്രസ്തുത ദർഘാസ് റദ്ദ് ചെയ്ത് 23.07.2021ൽ പുനർദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. ആയതിന്റെ ഓപ്പണിംഗ് 06.08.2021നാണ് തീരുമാനിച്ചിരിക്കുന്നത്. ദർഘാസിന്റെ നടപടികൾ പൂർത്തീകരിച്ച് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |
| (സി) | പ്രസ്തുത ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടകയിനത്തിൽ എത്ര രൂപ ചെലവ് വരുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | പ്രതിമാസം 30,000/- (മുപ്പതിനായിരം രൂപ) വാടക ഇനത്തിൽ ചെലവ് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ